**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **07-02-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാർഡാം-ഈരാറ്റിൻപുറം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാർഡാം-ഈരാറ്റിൻപുറം ടൂറിസം പദ്ധതി പ്രദേശത്ത് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | ഈരാറ്റിൻപുറം ടൂറിസം പദ്ധതിക്കായി സർക്കാർ 16.03.2017 ലെ സ.ഉ.(സാധാ)നം. 125/2017/ ടൂറിസം പ്രകാരം **2,66,19,369/-** രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ജലസേചന വകുപ്പിനെയാണ് പദ്ധതിയുടെ നിർവഹണ ഏജൻസിയായി വകുപ്പ് ചുമതലപ്പെടുത്തിയത്. ഈരാറ്റിൻ പുറം ടൂറിസം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>**1. ടിക്കറ്റ് കൌണ്ടർ കം സെക്യൂരിറ്റി റൂം**<br>**2. ടോയ്ലെറ്റ് ബ്ലോക്ക്**<br>**3. ലാൻഡ്സ്കേപിങ്**<br>**4. കാർ പാർക്കിംഗ്**<br>**5. ബോർ വെൽ ആൻഡ് പമ്പ്**<br>**6. സൈനേജ്**<br>**7. റീറ്റെയ്നിങ് വാൾ**<br>**8. എർത്ത് ഫില്ലിങ്ങ്**<br>**9. പ്ലംബിംഗ് വർക്ക്** |
| (ബി) | ഓരോ പ്രവൃത്തിക്കും വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | **മേൽ പ്രവർത്തികൾക്ക് ആനുപാതികമായി 1,25,60,366/- രൂപയുടെ ബിൽ ഏജൻസി സമർപ്പിച്ചിട്ടുണ്ട്** |
| (സി) | ടൂറിസം വകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരം പദ്ധതി പ്രദേശത്ത് പുതിയ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇംപ്ലിമെന്റിംഗ് ഏജൻസിയായ ജലവിഭവ വകുപ്പ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവർത്തികൾക്കു മാത്രമാണ് ഏജൻസി നിലവിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ